ചില നിയമപ്രശ്നങ്ങളും കാരണം രണ്ടാമത്തെ മണ്ഡപത്തിന്റെ പണി പൂർത്തീകരിക്കാൻ കാലതാമസമുണ്ടായി. അടിയന്തരമായി കതിർമണ്ഡപം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്ര നവീകരണം

97(5544) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ടെൻഡർ നടപടി പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തികൾക്കും അനുവദിച്ച അടങ്കൽ തുക എത്രയെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ടെൻഡർ നടപടി പൂർത്തീകരിച്ച പ്രവൃത്തികളും അവയുടെ അടങ്കൽ തുകയും ചുവടെ ചേർക്കുന്നു.

ഊട്ടുപുരയുടെ നവീകരണം - 4,63,000

ക്ഷേത്രമതിൽ പുനർനിർമ്മാണം - 22,28,000

(ബി) ടെൻഡർ നടപടി ഏത് വർഷത്തിലാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ?

ഊട്ടുപുര നവീകരണത്തിനായി 2018-ലും ക്ഷേത്രമതിൽ പുനർ നിർമ്മാണത്തിനായി 2016-ലും ടെൻഡർ ക്ഷണിച്ചു.

(സി) ഊട്ടുപുര, നടപ്പന്തൽ, ക്ഷേത്ര മതിൽ എന്നീ പുനർനിർമ്മാണ പ്രവൃത്തികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഊട്ടുപുരയുടെ നവീകരണ പ്രവൃത്തിക്കായി 4,63,000 രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ക്ഷണിച്ചപ്പോൾ കുറഞ്ഞ തുക കാട്ട് ചെയ്ത കരാറുകാരൻ നിർമ്മാണ സാധനങ്ങളുടെ വിലക്കയറ്റം കാരണം കാട്ട് ചെയ്ത നിരക്കിൽ നിർമ്മാണം നടത്തുവാൻ പിന്നീട് വിസമ്മതിക്കുകയും നിർമ്മാണം നടത്തുവാൻ വിസമ്മതിച്ചത് കാരണം എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയും ചെയ്യുന്നു. നടപ്പന്തൽ കിഴക്കുഭാഗം പുനർനിർമ്മാണ പ്രവൃത്തിക്കായി 6,90,300 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടി എസ്റ്റിമേറ്റിന് ബോർഡിന്റെ ഭരണാനുമതി നൽകുന്നതിന് മുന്നോടിയായി എസ്റ്റിമേറ്റ് തുകയുടെ 50% സംഭാവന ഇനത്തിൽ ക്ഷേത്രോപദേശക സമിതിയിൽനിന്നും ബോർഡ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെടുകയും ചെയ്തു. ക്ഷേത്രോപദേശക സമിതി ഇത് നിരസിച്ച സാഹചര്യത്തിൽ മറ്റ് നടപടി പുരോഗമിക്കുന്നു. ക്ഷേത്രമതിൽ പുനർനിർമ്മാണ പ്രവൃത്തിക്കായി ടെൻഡർ നടപടി പൂർത്തികരിച്ച് കരാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത സാഹചര്യത്തിൽ ടിയാനെതിരെ ബോർഡ് തലത്തിൽ നടപടി നടന്നുവരുന്നു.

ദേവസ്വം ബോർഡിൽ പട്ടികജാതിക്കാർക്ക് സംവരണം വർദ്ധിപ്പിക്കുന്നതിന് നടപടി

98(5545) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം വർദ്ധിപ്പിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് പട്ടികജാതിക്ഷേമ സമിതി (പി.കെ.എസ്.) ദേവസ്വം ബോർഡുകളിലും ദേവസ്വം വകുപ്പിലും നിവേദനങ്ങൾ നൽകിയിട്ടുണ്ടോ; പ്രസ്തുത നിവേദനങ്ങളുടെ തുടർനടപടികളുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ദേവസ്വം ബോർഡിൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം വർദ്ധിപ്പിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

&

(സി) ദേവസ്വം ബോർഡിൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം വർദ്ധിപ്പിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് എസ്.സി./എസ്.റ്റി എംപ്ലോയീസ് അസോസിയേഷൻ 27-02-2019-ൽ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട 3298313/2019/ആർ.ഇ.വി. നമ്പർ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) പട്ടികജാതി വിഭാഗത്തിന് ദേവസ്വം നിയമനങ്ങളിലുള്ള സംവരണം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് പട്ടികജാതിക്ഷേമ സമിതിയിൽനിന്ന് നിവേദനം ലഭ്യമായിരുന്നു. പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട ദേവസ്വം വകുപ്പിലെ ഫയലിന്റെ പകർപ്പ് അനുബന്ധം - 1* ആയി ചേർക്കുന്നു. 2015-ൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് നിലവിൽ വന്നതിനുശേഷമാണ് ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള സംവരണം നൽകിത്തുടങ്ങിയത്. കേരള സ്റ്റേറ്റ് &

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.